## പ്രധാനവാർത്തകൾ

1) പ്രവാസി ഇന്ത്യൻ സമൂഹം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തെയാകെ അഭിമാനഭരിതമാക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. 18മത് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾ പ്രധാനമന്ത്രി ഭുവനേശ്വറിൽ ഉദ്ഘാടനം ചെയ്തു.

Indian diaspora has excelled worldwide and their accomplishments make the country proud, says PM Modi while formally inaugurating the 18th Pravasi Bharatiya Divas Convention in Odisha.

2) പരിസ്ഥിതി സംരക്ഷണത്തിനായി നിരവധി പദ്ധതികൾ കേന്ദ്രസർക്കാർ രാജ്യത്ത് ആവിഷ്കരിച്ചു നടപ്പാക്കി വരുന്നതായി കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ.

Union Government under PM Modi initiates diverse activities for environmental protection, says Union Minister of State for Information and Broadcasting L. Murugan.

3) ഇന്ത്യ-അഫ്ഗാനിസ്ഥാൻ ഉഭയകക്ഷി ചർച്ചകൾ ദുബായിൽ നടന്നു. അഫ്ഗാൻ ജനതയുടെ അടിയന്തര വികസന ആവശ്യങ്ങളോട് പ്രതികരിക്കാൻ സന്നദ്ധത വ്യക്തമാക്കി ഇന്ത്യ.

India and Afghanistan's Taliban government hold talks in Dubai; New Delhi conveys its readiness to respond to urgent developmental needs of Afghan people.

4) ശബരിമലയിൽ മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് വൻ ഭക്തജന പ്രവാഹം. തിരക്ക് നിയന്ത്രിക്കാൻ ക്രമീകരണങ്ങളൊരുക്കി ദേവസ്വം ബോർഡ്.

Sabarimala temple witnesses huge rush of devotees ahead of Makaravilakku festival. Devaswom Board decided to limit spot booking to prevent overcrowding.

5) ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ചെന്നൈയിൻ എഫ്സി ഒഡീഷയെ നേരിടും

In ISL football, Chennaiyin FC will take on Odisha today.

6) അമേരിക്കയിലെ ലോസ് ആഞ്ചൽസിലുണ്ടായ വൻ കാട്ടുതീയിൽ അഞ്ച് മരണം. നിരവധി കെട്ടിടങ്ങൾ കത്തിനശിച്ചു.

In the United States, the massive wildfires at the plush towns of California's Los Angeles, has killed five people, burnt down thousands of structures and led to the evacuation of thousands.

******************

**Headline 1**

**<u>Pravasi Bharatiya Diwas (Intro)</u>**

പ്രവാസി ഇന്ത്യൻ സമൂഹം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തെയാകെ അഭിമാനഭരിതമാക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. 18മത് പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിൻറെ ഉദ്ഘാടനം ഭുവനേശ്വറിൽ നിർവഹിക്കുകയായിരുന്നു

പ്രധാനമന്ത്രി. നൈപുണ്യ ശേഷിയുള്ള യുവജനങ്ങളാണ് ഇന്ത്യയുടെ കരുത്തെന്നും അദ്ദേഹം പറഞ്ഞു. പ്രവാസി ഇന്ത്യൻ സമൂഹത്തിന് മാതൃരാജ്യവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള വേദിയാണ് പ്രവാസി ഭാരതീയ സമ്മേളനം. പ്രതിസന്ധിഘട്ടത്തിൽ പ്രവാസി സമൂഹത്തെ സഹായിക്കേണ്ടത് രാജ്യത്തിൻറെ കർത്തവ്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. 21 ആം നൂറ്റാണ്ടിൽ ഇന്ത്യ അതിവേഗം വളർച്ച കൈവരിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

വികസിത ഭാരതത്തിനായി പ്രവാസി സമൂഹത്തിൻറെ സംഭാവന എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ പ്രവാസി ഭാരതീയ ദിനാഘോഷം സംഘടിപ്പിച്ചിരിക്കുന്നത്. പ്രവാസി ഭാരതീയ എക്സ്പ്രസ് പ്രത്യേക ടൂറിസ്റ്റ് ട്രെയിൻറെ ഫ്ലാഗ് ഓഫും പ്രധാനമന്ത്രി ചടങ്ങിൽ നിർവഹിച്ചു. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് തുടങ്ങിയ പ്രമുഖർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. നാളെ നടക്കുന്ന സമാപന സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുക്കും. പ്രവാസി ഭാരതീയ പുരസ്കാരങ്ങൾ രാഷ്ട്രപതി ചടങ്ങിൽ സമ്മാനിക്കും.

******************

## Headline 2

### L Murugan (INTRO)

പരിസ്ഥിതി സംരക്ഷണത്തിനായി നിരവധി പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ രാജ്യത്ത് ആവിഷ്കരിച്ചു നടപ്പാക്കി വരുന്നതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ. സുഗത സൂക്ഷ്മവനം പരിപാടിയുടെ ഉദ്ഘാടനം എറണാകുളം വടുതല ചിന്മയ സ്കൂളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. കവയിത്രി സുഗതകുമാരിക്കുള്ള ആദരമാണ് സുഗത സൂക്ഷ്മവനം പരിപാടിയെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. ഇതോടനുബന്ധിച്ച് നടക്കുന്ന ഒരു തൈ നടാം പരിപാടി പ്രധാനമന്ത്രി ആവിഷ്കരിച്ച വിവിധ ഹരിത പദ്ധതികൾക്ക് കരുത്തേകുമെന്നും അദ്ദേഹം വ്യക്തമാക്കി. പരിസ്ഥിതി സംരക്ഷണത്തിനായി ഉഴിഞ്ഞുവച്ച

ജീവിതമായിരുന്നു കവയിത്രി സുഗതകുമാരിയുടേതെന്നും ശ്രീ എൽ മുരുഗൻ പറഞ്ഞു
(ഹോൾഡ്)
രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായെത്തിയ കേന്ദ്രസഹമന്ത്രി ഇന്ന് ആലപ്പുഴ സംഹതി ക്യാമ്പസിൽ നടക്കുന്ന സുഗത സൂക്ഷ്മ വനം പരിപാടിയിലും പങ്കെടുക്കും. വള്ളിക്കാവ് അമൃതാനന്ദമയി ആശ്രമവും അദ്ദേഹം സന്ദർശിക്കും. നാളെ കൊട്ടാരക്കര ആവണീശ്വരം പത്മനാഭ പിള്ള മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലും പാരിപ്പള്ളി അമൃത സംസ്കൃത ഹയർസെക്കൻഡറി സ്കൂളിലും നടക്കുന്ന സുഗത സൂക്ഷ്മ വനം ഉദ്ഘാടന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

******************

## Headline 3

**Foreign Secretary –Afghanistan Minister**

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയും അഫ്ഗാനിസ്ഥാൻ ആക്ടിംഗ് വിദേശകാര്യ മന്ത്രി മൗലവി അമീർ ഖാൻ മുത്താഖിയും ദുബായിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധവും, പ്രാദേശിക സംഭവവികാസങ്ങളും ഉൾപ്പടെ വിവിധ വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി. അഫ്ഗാൻ ജനതയുടെ അടിയന്തര വികസന ആവശ്യങ്ങളോട് പ്രതികരിക്കാനുള്ള ഇന്ത്യയുടെ സന്നദ്ധത ശ്രീ വിക്രം മിസ്രി അറിയിച്ചു. അഫ്ഗാനിസ്ഥാനിലെ ജനങ്ങൾക്ക് ഇന്ത്യ നൽകി വരുന്ന മാനുഷിക പിന്തുണയിൽ അഫ്ഗാൻ മന്ത്രി നന്ദി അറിയിച്ചു. ചരിത്രപരമായ ബന്ധമാണ് ഇരു രാജ്യങ്ങൾക്കുമിടയിൽ നിലനിൽക്കുന്നതെന്നും ഇരുവരും വ്യക്തമാക്കി.

******************

**PREZ VISIT**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മേഘാലയ - ഒഡീഷ സന്ദർശനം ഇന്ന് ആരംഭിക്കും. മേഘാലയയിലെ ഉമിയാമിൽ ICAR ഗവേഷണ

കേന്ദ്രത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിൽ രാഷ്ട്രപതി പങ്കെടുക്കും.

******************

## ISRO - SPADEX

ISRO യുടെ സ്പെഡെക്സ് ദൗത്യത്തിൻറെ ഭാഗമായ ഡോക്കിങ്ങ് പരീക്ഷണം വീണ്ടും മാറ്റിവച്ചു. ബഹിരാകാശ പേടകങ്ങളെ ഭ്രമണപഥത്തിൽവച്ച് കൂട്ടിയോജിപ്പിക്കുന്ന നിർണായക ഘട്ടമാണിത്. സാങ്കേതികമായ ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഡോക്കിങ്ങ് മാറ്റിവച്ചത്.

******************

## MHA-TB CAMPAIGN

ജയിലുകളിലും, ദുർഗുണപരിഹാര സ്ഥാപനങ്ങളിലും ക്ഷയരോഗ നിർമാർജ്ജനത്തിനായി 100 ദിവസത്തെ അതിതീവ്ര ക്യാമ്പയിൻ നടത്തണമെന്ന് സംസ്ഥാനങ്ങളോട് നിർദ്ദേശിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം. രോഗനിർണയ ക്യാമ്പുകൾ, ബോധവത്കരണം എന്നിവ ഇതിൻറെ ഭാഗമായി സംഘടിപ്പിക്കണമെന്നാണ് നിർദ്ദേശം. ജയിലുകളിലെ ഉദ്യോഗസ്ഥർക്ക് ക്ഷയരോഗ നിർമാർജ്ജനത്തെക്കുറിച്ച് അറിവ് പകരുന്നതിനും സംവിധാനം ഒരുക്കണം.

******************

**Headline 4**

## Sabarimala – Makarvilak

മകരവിളക്ക് മഹോത്സവത്തിനെത്തുന്ന തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ് പ്രശാന്ത്. ഇന്ന് മുതൽ വെർച്ച്വൽ ക്യൂ ബുക്കിങ്ങ് 50,000 ആയും തത്സമയ ബുക്കിങ്ങ് 5000 ആയും നിജപ്പെടുത്തും. ഈ മാസം 13-ന് 50,000 ആയും മകരവിളക്ക് ദിനമായ 14-ന് 40,000 ആയും 15-ന് 60,000 ആയും ബുക്കിങ്ങ് നിജപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് മുതൽ തത്സമയ ബുക്കിങ്ങ് സംവിധാനം

നിലയ്ക്കലേക്ക് മാറ്റും. സുരക്ഷിതവും സുഗമവുമായ ദർശനം എല്ലാവർക്കും സാധ്യമാക്കുകയാണ് ലക്ഷ്യമെന്നും ദേവസ്വം ബോർഡ് പ്രസിഡൻ്റ് വ്യക്തമാക്കി.

******************

## Wayanad DCC treasurer - Death

ഡിസിസി ട്രഷറർ ആയിരുന്ന എൻ എം വിജയൻ്റെയും മകൻ്റെയും മരണത്തിൽ ഐസി ബാലകൃഷ്ണൻ എംഎൽഎ ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾക്കെതിരെ പോലീസ് ആത്മഹത്യപ്രേരണാ കുറ്റം ചുമത്തി. ഡിസിസി പ്രസിഡൻ്റ് എൻ ഡി അപ്പച്ചൻ, ഡിസിസി മുൻ ട്രഷറർ കെ കെ ഗോപിനാഥൻ, അന്തരിച്ച മുൻ ഡിസിസി പ്രസിഡൻ്റ് പി വി ബാലചന്ദ്രൻ എന്നിവർക്കെതിരെ ആത്മഹത്യപ്രേരണാ കുറ്റം ചുമത്തിയത്.

******************

## Tirupati -president/PM/Rahul Gandhi

തിരുപ്പതിയിൽ തിക്കിലും തിരക്കിലും പെട്ട് ആറ് പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി ,ലോക് സഭാ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി തുടങ്ങിയ പ്രമുഖർ അനുശോചനം രേഖപ്പെടുത്തി. പരിക്കേറ്റവർ വേഗം സുഖം പ്രാപിക്കട്ടെ എന്നും നേതാക്കൾ ആശംസിച്ചു . തിരുപ്പതിയിൽ വൈകുണ്ഠ ഏകാദശി ദർശനത്തിൻ്റെ ടോക്കൺ വിതരണകേന്ദ്രത്തിൽ ഇന്നലെ ഉണ്ടായ തിക്കിലും തിരക്കിലും പെട്ടാണ് ആറ് പേർ മരിച്ചത് .പരിക്കേറ്റ 40-ഓളം പേർ ചികിത്സയിലാണ്.

******************

## MAHAKUMBH-GAJENDRA SINGH

ഇന്ത്യയുടെ സമ്പന്നമായ സംസ്കാരം പ്രദർശിപ്പിക്കുന്നതിനുള്ള സവിശേഷമായ അവസരമാണ് മഹാകുംഭ മേളയെന്ന് കേന്ദ്ര സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്. പ്രയാഗ്‌രാജിൽ മഹാ കുംഭമേളയുടെ ഭാഗമായുള്ള കലാഗ്രാം കേന്ദ്രത്തിൻ്റെ ഒരുക്കങ്ങൾ അവലോകനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാജ്യത്തിൻറെ വിനോദസഞ്ചാര മേഖലയ്ക്ക് കുംഭമേള പോലുള്ള സാംസ്കാരിക ആഘോഷങ്ങൾ വലിയ ഊർജ്ജം പകരുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.
ഈ മാസം 13 മുതൽ ഫെബ്രുവരി 26 വരെയാണ് ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ മഹാകുംഭ മേള നടക്കുന്നത്.

******************

## Headline 5

### ISL

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ചെന്നൈയിൻ എഫ്‌സി ഒഡീഷയെ നേരിടും. രാത്രി 7.30-ന് ചെന്നൈയിലാണ് മത്സരം. പോയിന്റ് പട്ടികയിൽ നിലവിൽ, ഒഡീഷ ഏഴാം സ്ഥാനത്തും ചെന്നൈയിൻ പത്താം സ്ഥാനത്തുമാണ്.

******************

### Malaysia Open Badminton

മലേഷ്യ ഓപ്പൺ ബാഡ്മിൻ്റൺ മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ ധ്രുവ് കപില- തനിഷ ക്രസ്റ്റോ സഖ്യത്തിന് പരാജയം. ചൈനയുടെ ഷിംഗ് ചെങ്-ചി ഷാങ് സഖ്യത്തോടാണ് ഇന്ത്യൻ സഖ്യം പരാജയപ്പെട്ടത്.
സ്കോർ 13-21, 20-22.

******************

## Headline 6

### US-WILDFIRES

അമേരിക്കയിലെ ലോസ് ആഞ്ചൽസിലുണ്ടായ വൻ കാട്ടുതീയിൽ അഞ്ച് മരണം. ആയിരക്കണക്കിന് കെട്ടിടങ്ങളും കത്തി നശിച്ചു. പ്രദേശത്ത് നിന്ന് 70,000-ത്തോളം ആളുകളെ ഒഴിപ്പിച്ചിട്ടുണ്ട്. കാട്ടുതീയിൽ നിരവധിപ്പേർക്ക് പൊള്ളലേറ്റതായാണ് വിവരം. ശക്തമായ കാറ്റ്, തീ അണയ്ക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നുണ്ടായ കടുത്ത ചൂടും, മഴയില്ലായ്മയുമാണ് കാട്ടുതീയിലേക്ക് നയിച്ചതെന്നാണ് പ്രാഥമിക നിഗമനം.

******************

## Cold wave

വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ
അതിശൈത്യം തുടരുന്നു. ഹിമാചൽ പ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, പടിഞ്ഞാറൻ മധ്യപ്രദേശ്, ജമ്മു-കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ രണ്ട് ദിവസം കൂടി ശൈത്യ തരംഗം നിലനിൽക്കുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്. മേഖലയിൽ താപനില ഇനിയും താഴാൻ സാധ്യതയുണ്ട്. പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ്, ഡൽഹി, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ നാളെ വരെ കനത്ത മൂടൽമഞ്ഞ് ഉണ്ടാകുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. രാജ്യത്തിൻറെ വടക്കുപടിഞ്ഞാറൻ മേഖലയിൽ വരും ദിവസങ്ങളിൽ മഴയ്ക്കും മഞ്ഞുവീഴ്ചയ്ക്കും സാധ്യതയുണ്ട്.

******************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം .
ബോംബെ ഓഹരി സൂചിക സെൻസെക്സ് 424 പോയിന്റ് താഴ്ന്ന് 77,730 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 132 പോയിന്റ് നഷ്ടത്തിൽ 23,556 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില ഉയർന്നു . പവന് 280 രൂപ വർധിച്ച് 58,080 രൂപയും ഗ്രാമിന് 35 രൂപ ഉയർന്ന് 7260 രൂപയുമാണ് ഇന്നത്തെ വില.

******************

*********

*****